I/67436/2024

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

നമ്പർ : **DTETVM/129/2024-L3 (PLA)** തീയതി: **16-02-2024**

**സർക്കുലർ**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - സാങ്കേതിക വിദ്യാഭ്യാസവകുപ്പ് - ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷൻ "2024-2025" വർഷത്തേയ്ക്കുള്ള അംഗീകാര പ്രക്രിയയ്ക്കായുള്ള പൊതു അറിയിപ്പ് പ്രകാരം BBA/BCA/BMS കോഴ്സുകൾ നടത്തുന്ന സംസ്ഥാനത്തെ സർക്കാർ/ എയിഡഡ്/ സ്വകാര്യസ്വാശ്രയ എഞ്ചിനിയറിംഗ് കോളേജുകൾ സ്വീകരിക്കേണ്ട നടപടികൾ അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷൻ "2024-2025" അധ്യയന വർഷത്തെ അംഗീകാര പ്രക്രിയയ്ക്കായി പുറപ്പെടുവിച്ച പൊതു അറിയിപ്പ്.
2. 27.10.2019 -ലെ സർക്കാർ ഉത്തരവ് നമ്പർ GO.(Ms)No.360/2019/HEDN.
3. 14.02.2024 - ലെ സർക്കാർ കത്ത് നമ്പർ ജെ2/10/2024/ഉ.വി.വ.
4. 12.01.2024 - ലെ ഈ കാര്യാലയത്തിലെ L3/996/24/DTE നമ്പർ സർക്കുലർ.
5. 02.02.2024 - ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ നമ്പർ സർക്കുലർ.

മേൽ സൂചന (1) പ്രകാരം സംസ്ഥാനത്തെ നിലവിലുള്ള സർക്കാർ/ എയിഡഡ്/ സ്വകാര്യസ്വാശ്രയ സ്ഥാപനങ്ങളിലെ B.Tech/ M.Tech/ MBA/ MCA, BBA, BCA, BMS, BHMCT തുടങ്ങിയ കോഴ്സുകൾക്ക് 2024-2025 വർഷത്തേക്കുള്ള അംഗീകാരം വിപുലീകരിക്കുന്നത് ഉൾപ്പെടെ വിവിധ ആവശ്യങ്ങൾക്കായി AICTE അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു.

പ്രസ്തുത വിജ്ഞാപന പ്രകാരം 2024-2025 അധ്യയന വർഷം മുതൽ സംസ്ഥാനത്ത് നിലവിലുള്ള BBA, BCA, BMS കോഴ്സുകൾ നിലവിലുള്ള സർക്കാർ/ എയിഡഡ്/ സ്വകാര്യസ്വാശ്രയ സ്ഥാപനങ്ങൾ AICTE യിൽ നിന്നും അനുമതി നേടേണ്ടതുണ്ട്.

ടി കോഴ്സുകൾ നിലവിലുള്ള സ്ഥാപനങ്ങൾ പ്രസ്തുത കോഴ്സുകൾക്ക് 2024-2025 അധ്യയന വർഷത്തേയ്ക്ക് തുടരംഗീകാരത്തിനുള്ള നിരാക്ഷേപസാക്ഷ്യപത്രം സർക്കാരിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് സംബന്ധിച്ച് സൂചന (4) പ്രകാരമുള്ള സർക്കുലർ പാലിക്കേണ്ടതാണ്.

കൂടാതെ സൂചന (1) പ്രകാരം നിലവിലുള്ള സ്ഥാപനങ്ങൾ പുതുതായി BBA, BCA, BMS, തുടങ്ങിയ കോഴ്സുകൾ ആരംഭിക്കുന്നുവെങ്കിൽ സർക്കാരിൽ നിന്നും ഭരണാനുമതി (Administrative Sanction) നേടിയതിനുശേഷം നിരാക്ഷേപസാക്ഷ്യപത്രം വാങ്ങേണ്ടതാണ്.

തുടരംഗീകാരത്തിനായി (Extension of Approval Process) അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾ സൂചന (4) പ്രകാരമുള്ള രേഖകളും ഫീസ് തുകയും 20.02.2024 നകം സമർപ്പിക്കാൻ അറിയിക്കുന്നു.

**Rajasree MS**
**DIRECTOR**

I/67436/2024

സ്വീകർത്താവ്

എല്ലാ സ്ഥാപന മേധാവിമാർക്കും.

ഓഫീസ് പകർപ്പ്

Signed by
Rajasree Ms
Date: 16-02-2024 17:39:56